DEMAND XIV—GENERAL ADMINISTRATION LEGISLATIVE BODIES.

MR. K. GEORGE: Sir, I move for a grant not exceeding Rs. 66,619 under Demand XIV General Administration—Legislative Bodies.

PRESIDENT: Anybody who wishes to speak on this demand?

MR. A. N. VISVANATHA PILLAI: സർ, തിരുവിതാംകൂറിൽ ദിവാൻജിഉദ്യോഗം വഹിക്കുകയുള്ളതു് ലോകത്തിലേക്ക് ഏറ്റവും ശ്രമമുള്ള ഒരുജോലിയാണെന്നാണ് ഞാൻ വിചാരിക്കുന്നതു്. ഇവിടത്തെ ദിവാൻജിക്ക് അനവധികാര്യങ്ങൾ നോക്കേണ്ടതായിട്ടുണ്ടു്. ഇവിടത്തെ ഭരണം നടത്തുന്നതു് വാസ്തവത്തിൽ ഒരുമനുഷ്യന് സാധിക്കാവുന്നകാര്യമാണൊ എന്നു് ബലമായസംശയം ഉണ്ടു്. അതിനെപ്പറ്റി ഇവിടെ ദിവാൻജിയായിരുന്ന ഏറ്റവും സമർത്ഥനായ സർ, പി. രാജഗോപാലാചാരി അദ്ദേഹത്തിന്റെ ഒരുപുസ്തകത്തിൽ-കാൺസ്റ്റിസ്റ്റ്യൂഷനെപ്പറ്റി എഴുതിയിട്ടുള്ള പുസ്തകത്തിൽആണെന്നു് തോന്നുന്നു-എഴുതിയിട്ടുണ്ടു്. ഇവിടത്തെ ദിവാൻ എത്രസമർത്ഥനായിരുന്നാലും ഇവിടത്തെകാര്യങ്ങൾ നടത്തുന്നതിന് ഒരൊറ്റ മനുഷ്യനെക്കൊണ്ടു് സാധ്യമല്ലെന്നു് അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുണ്ടു്. അതുകൊണ്ടു് അതിന് തക്കവിധത്തിൽ എന്തെങ്കിലും ചെയ്യേണ്ടതു് അത്യാവശ്യമാണു്. ഇൻഡ്യമുഴുവനും ഭരിക്കുന്ന വൈസ്രോയിക്ക് ഒരു എക്സിക്യൂട്ടിവ് കൗൺസിൽ ഉണ്ടു്. ഓരോപ്രാവിൻസുകളെ എടുത്തുനോക്കിയാൽ അവിടെയും ഓരോ എക്സിക്യൂട്ടിവ കൗൺസിൽഉണ്ടു്. ഇനി നാട്ടുരാജ്യങ്ങളെ എടുത്തുനോക്കുകയാണെങ്കിൽ മൈസൂരിൽ ഒരു എക്സിക്യൂട്ടിവ് കൗൺസിൽ ഉണ്ടു്. അതുകൊണ്ടു് ഇവിടെയും ഒരു എക്സിക്യൂട്ടിവ് കൗൺസിൽ ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യമാണു്.

PRESIDENT: Mr. Visvanatha Pillai, I am standing up. The demand under this head is for a specific amount for Legislative Bodies. I allowed a general discussion on the debate under the last demand which was for General Administration, and such a discussion as you are making at the moment is out of order.

MR. A. N. VISVANATHA PILLAI: ഇപ്പോൾ മഹാരാജാവ് തിരുമനസ്സുകൊണ്ടു് കല്പിച്ചു് അനുവദിച്ചുതന്നിരിക്കുന്ന ഈ രണ്ടു സഭകൾക്കും കൂടുതലായ അധികാരങ്ങൾ തരണമെന്നുള്ളതിനെപ്പറ്റിയാണു് ഞാൻ പറയാൻ വിചാരിക്കുന്നതു്. ഈ രണ്ടുസഭകൾക്കും അനുദ്യോഗസ്ഥപ്രസിഡൻറിനെ തിരിഞ്ഞെടുക്കുന്നതിനുള്ള അധികാരം തരേണ്ടതു്

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. N. Visvanatha Pillai.]

അത്യാവശ്യമാണ്. അതുകൂടാതെ ഇപ്പോൾ ഈ സഭയിൽ പാസ്സാക്കുന്ന നിയമങ്ങൾക്ക് ഗവണ്മെൻറിന്റെ എക്സിക്യൂട്ടിവുമായി യാതൊരു ബന്ധവുമില്ല. അതുകൊണ്ട്. ഈ സഭകളോട് (Legislature നോട്) ഉത്തരവാദിത്വമുള്ള ഒരു എക്സിക്യൂട്ടിവ് സ്ഥാപിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

PRESIDENT: I think you are still out of order, Mr. Visvanatha Pillai. Your suggestion is that the Reforms Regulation should be amended. I think under this head discussion of the Regulation is not in order.

MR. A. N. VISVANATHA PILLAI: അങ്ങിനെയാണെങ്കിൽ ലെജിസ്ലേറ്റീവ് ലൈബ്രറിയിൽ നല്ലതരം പുസ്തകങ്ങൾ ഇല്ലെന്നുള്ളതിനെപ്പറ്റിയാണ് എനിക്കു പറയുവാനുള്ളത്. ദിവാൻ മിസ്റ്റർ രാഘവയ്യ പോയതിനുശേഷം നല്ലതരം പുസ്തകങ്ങൾ വരുത്തിയിട്ടില്ല.

MR. KAYALAM PARAMESVARAN PILLAI: വരുത്താനുള്ള പുസ്തകങ്ങളുടെ പേരുപറയാമോ?

MR. A. N. VISVANATHA PILLAI: ഇന്നത്തെ രീതിക്കു ആവശ്യമായിട്ടുള്ള പുസ്തകങ്ങൾ വരുത്തണമെന്നേ എനിക്കഭിപ്രായമുള്ളൂ.

MR. KAYALAM PARAMESVARAN PILLAI: ഒരു പുസ്തകത്തിന്റെയെങ്കിലും പേരുപറയാമോ?

MR. A. N. VISVANATHA PILLAI: എക്കണോമിക്സിലും പാളിറിക്സിലും ഉള്ള പുസ്തകങ്ങൾ വരുത്തണം. ഏറ്റവും പരിഷ്കാരമായുള്ളതും ഇന്നത്തെരീതിക്ക് അനുയോജ്യമായതും ആയ നവീനപുസ്തകങ്ങൾ വരുത്തണം. അതിന്റെ പേർ ഞാൻതന്നെ പറഞ്ഞുതരണമെന്നുണ്ടോ?

MR. K. GEORGE: അങ്ങിനെയുള്ള പുസ്തകങ്ങൾ ഇപ്പോൾ ലജിസ്ലേറ്റീവ് ലൈബ്രറിയിൽ ഇല്ലെന്നു നിശ്ചയമുണ്ടോ?

MR. A. N. VISVANATHA PILLAI: ഇപ്പോൾ ഇല്ലെന്നാണു തോന്നുന്നത്. നവീനങ്ങളായ പുസ്തകങ്ങൾ എന്തല്ലാമെന്നു ലൈബ്രേറിയനും ചീഫ് സിക്രട്ടറിക്കും അറിഞ്ഞുകൂടാ എങ്കിൽ അതിനെപ്പറ്റി പൊളിറ്റിക്കൽ സിക്രട്ടറിഎന്ന ഉദ്യോഗസ്ഥനോടുചോദിച്ചു മനസ്സിലാക്കേണ്ടതാണ്. അദ്ദേഹത്തോടുചോദിച്ചാൽ പുസ്തകങ്ങളുടെ പേരും അതു് എവിടെയുണ്ടെന്നും മറ്റും പറഞ്ഞുതരുന്നതാണ്. അതുപോലെ ഇൻഡ്യൻ അസംബ്ളിയിലും കൌൺസിൽ ആഫ് സ്റ്റേറ്റിലും നടക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

പ്രൊസീഡിഗ്സ ഇവിടത്തെ രണ്ടു ഹൌസിലും ഉള്ള മെമ്പേർസ്സിനു സപ്ലൈ ചെയ്യണം. ഇപ്പോൾ ലൈബറിയിൽ ഒരുസെറ്റു പുസ്തകം മാത്രമെയുള്ളു. ആ ഒരുസെറ്റു പുസ്തകംകൊണ്ടു നൂറിൽപരം മെംബറന്മാർ ഉള്ള ഈ രണ്ടുസഭകളിലേയും സാമാജികന്മാക്കു റഫറൻസിനു് മതിയാകുന്നില്ല.

Mr. KOMILEZATHU SANKARAN: ശ്രീമൂലം അസംബ്ലിയിലെ പ്രൊസിഡിഗ്സിന്റെ കാപ്പി കൌൺസിൽ മെമ്പേർസിനും കൌൺസിൽ പ്രൊസിഡിഗ്സിന്റെ കാപ്പി അസംബ്ലി മെമ്പേഴ്സിനും കൊടുക്കേണ്ടതു് അത്യാവശ്യമാണെന്നറിയാമോ?

Mr. A. N. VISVANATHA PILLAI: അതു അത്യാവശ്യമാണു്.

Mr. M. N. PARAMESVARAN PILLAI: ഇപ്പോഴതന്നെ അങ്ങനെകൊടുക്കുന്നുണ്ടെന്നറിയാമോ?

Mr. A. N. VISVANATHA PILLAI: അറിയാം. അതുകൊണ്ടാണു് ഞാൻ അതിനെപ്പറ്റി പ്രസ്താവിക്കാതിരുന്നിട്ടുള്ളതു്.

Mr. KOMILEZHATHU SANKARAN: അങ്ങിനെയാണെങ്കിൽ ഒന്നാംദിവസത്തെ കൌൺസിൽപ്രൊസീഡിഗ്സ് ഇതുവരെ കിട്ടിയിട്ടില്ല എന്നറിയാമോ?

Mr. A. N. VISVANATHA PILLAI: എനിക്കു കിട്ടിയിട്ടുണ്ടു്.

Mr. KOMILEZHATHU SANKARAN: ഒന്നാം ദിവസം നടന്ന അസംബ്ലിയുടെ പ്രൊസീഡിഗ്സ് കിട്ടിയിട്ടില്ലെന്നറിയാമോ?

Mr A. N. VISVANATHA PILLAI: അതു് എനിക്കറിഞ്ഞുകൂടാ.

ഈ വകകാര്യങ്ങളും ഞാൻ ഗവൺമെൻറിന്റെ ദൃഷ്ടിയിൽകൊണ്ടുവന്നുകൊള്ളുന്നു.

PRESIDENT: I put it that Demand XIV—General Administration—Legislative Bodies—for Rs. 66,619 be passed.

The grant was made.

DEMAND XV—GENERAL ADMINISTRATION—ACCOUNT OFFICE.

Mr. R. NILAKANTA PILLAI: I move for a grant not exceeding Rs. 1,58,734 under Demand XV—General Administration—Account Office.

Mr. M. N. PARAMESVARAN PILLAI: Sir, as the member representing the municipalities of the State I take this opportunity to place before Government one of the most important and standing

LIBRARY ARCHIVES Kerala Legislative Assembly